## അനുസ്മരണം

# എൻ. ജഅ്ഫർ കുഞ്ഞ്

**തിരുവനന്തപുരം** ജില്ലയിലെ നേമം പ്രാദേശിക ജമാഅത്തംഗം എൻ. ജഅ്ഫർ കുഞ്ഞ് സാഹിബ്(63) അർബുദരോഗബാധയെ തുടർന്ന് 2006 ഡിസംബർ 27-ന് അല്ലാഹുവിങ്കലേക്ക് യാത്രയായി - *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.*

മൂന്ന് പതിറ്റാണ്ടിലേറെയായി നേമം, നെയ്യാറ്റിൻകര, വിഴിഞ്ഞം, കളിയിക്കാവിള പ്രദേശങ്ങളിൽ ഇസ്‌ലാമിക പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വ്യക്തിയാണ് ജഅ്ഫർ സാഹിബ്. തിരുവനന്തപുരത്തിന്റെ തെക്കു പടിഞ്ഞാറുള്ള തീരദേശ ഗ്രാമമായ പൂവാറാണ് സ്വദേശം. സ്വന്തം ഗ്രാമത്തിൽനിന്നാണ് പ്രസ്ഥാന പ്രവർത്തനം ആരംഭിച്ചത്. യുവത്വത്തിൽ യുക്തിവാദവും സെക്യുലർ ചിന്താഗതികളും അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. വായനാശീലമാണ് ഇസ്‌ലാമിലേക്കും പ്രസ്ഥാനത്തിലേക്കും വഴികാട്ടിയത്. മൗലാനാ മൗദൂദിയുടെ *ഖുത്ബാത്ത്* തന്റെ വായനാമുറിയിൽ എത്തിയത് ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തിൽ ആകൃഷ്ടനായ അദ്ദേഹം വിവാഹം കഴിഞ്ഞ് നേമത്തേക്ക് താമസം മാറിയതോടെ പ്രസ്ഥാനപ്രവർത്തനങ്ങളിൽ വ്യാപൃതനായി. നേമത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കെ സ്വന്തം ഗ്രാമമായ പൂവാറിൽ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ പങ്ക് വഹിച്ചു. നാട്ടുകാരിൽനിന്നും ഏറെ ഭീഷണികൾ നേരിടേണ്ടിവന്നിട്ടുണ്ട്. ഒരിക്കൽ മുൻ കേരള അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ സാഹിബിന്റെ പ്രഭാഷണം പൂവാർ ടൗണിൽ സംഘടിപ്പിച്ചു. നാട്ടുകാർ ഉപരോധത്തിലൂടെ ആ പരിപാടി മുടക്കി. വർഷങ്ങൾക്കു ശേഷം ഇപ്പോൾ ആ പ്രദേശത്ത് ഒരു കാർകുൻ ഹൽഖയുണ്ട്. എസ്.ഐ.ഒ, സോളിഡാരിറ്റി പ്രവർത്തനങ്ങളും സജീവമായതോടെ ജഅ്ഫർ സാഹിബിന്റെ പ്രവർത്തനവും പ്രാർഥനയും സഫലമായിരിക്കുകയാണ്.

ജമാഅത്തെ ഇസ്‌ലാമി നെയ്യാറ്റിൻകര ഏരിയാ ഓർഗനൈസർ എന്ന നിലയിൽ നേമം, ബാലരാമപുരം, വഴിമുക്ക്, വിഴിഞ്ഞം, കളിയിക്കാവിള എന്നീ പ്രദേശങ്ങളിൽ പ്രസ്ഥാനം നട്ടുവളർത്തുന്നതിൽ സജീവ പങ്കുവഹിച്ചു. തിരുവനന്തപുരം ജില്ലാസമിതിയംഗമായിരുന്നു. മസ്ജിദ് കൗൺസിലിന്റെ ജില്ലയിലെ ചുമതലയും വഹിക്കുകയുണ്ടായി.

നല്ലൊരു പ്രബോധകനായിരുന്നു ജഅ്ഫർ സാഹിബ്. ആരോഗ്യവകുപ്പിൽ അസി. ലെപ്രസി ഹെൽത്ത് ഓഫീസർ ആയിട്ടാണ് റിട്ടയർ ചെയ്തത്. വിദ്യാസമ്പന്നർക്കിടയിൽ ധാരാളം ദഅ്‌വാ ബന്ധങ്ങൾ വളർത്തിയെടുത്തിരുന്നു. നമസ്കാരത്തിൽ വലിയ കൃത്യനിഷ്ഠയായിരുന്നു. കടുത്ത രോഗബാധിതനായി കിടപ്പിലാകുന്നതുവരെ ഒരു ദിവസംപോലും പള്ളിയിൽ സ്വുബ്ഹ് ജമാഅത്തിന് എത്തുന്നതിൽ വീഴ്ച വരുത്തിയിട്ടില്ല.

സ്വന്തം കുടുംബത്തെ ഇസ്‌ലാമീകരിക്കാനും പ്രസ്ഥാനവത്കരിക്കാനും ശ്രദ്ധവെച്ചു.

ഭാര്യ: ഹഫ്സ ബീവി (കാർകുൻ). മക്കൾ: ജെ.കെ ഹസീന (വനിതാ വിഭാഗം ജില്ലാ സമിതിയംഗം), മുജീബുർറഹ്മാൻ (നേമം പ്രാദേശിക ജമാഅത്ത് അമീർ, നെയ്യാറ്റിൻകര ഏരിയാ ഓർഗനൈസർ), ബുശ്റ (കാർകുൻ), അൻസാർ (എസ്.ഐ.ഒ ജില്ലാ കാമ്പസ് സെക്രട്ടറി). ജാമാതാക്കൾ: സുനിൽ ഹസൻ (സോളിഡാരിറ്റി സംസ്ഥാന സെക്രട്ടറി), എം.എസ്.കെ തങ്ങൾ (ഏരിയാ ഓർഗനൈസർ), റസിയ (കാർകുൻ).

**എ.എസ് നൂറുദ്ദീൻ**

# എ.കെ റശീദ്

**ജനുവരി** 21-ന് പത്തിരിപ്പാലയിൽ നടന്ന ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന പ്രവർത്തക സമ്മേളനം കഴിഞ്ഞ് ഇരിട്ടിയിലേക്ക് മടങ്ങുകയായിരുന്ന ഞങ്ങളുടെ ബസ് ഒറ്റപ്പാലത്തെത്തിയപ്പോഴാണ് ആ വിവരം മൊബൈലിൽ കൂടി അറിഞ്ഞത്; എ.കെ റശീദ് മരിച്ചു - *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.*

സമ്മേളനത്തിന് പുറപ്പെടുന്നതിന് തൊട്ടുമുമ്പ് പാലിയേറ്റീവ് കെയർ യൂനിറ്റ് ഉളിയിൽ തുടങ്ങുന്നതിനെക്കുറിച്ച് അദ്ദേഹം ചർച്ച ചെയ്തതായിരുന്നു.

നാൽപതു വർഷം മുമ്പ് വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ കെ.വി നൂറുദ്ദീൻ മൗലവിയുടെ പ്രവർത്തന ഫലമായി *പ്രബോധന*വും ജമാഅത്ത് ഗ്രന്ഥങ്ങളും വാങ്ങി വായന തുടങ്ങി. ശിർക്കും അന്ധവിശ്വാസങ്ങളും പൊറുപ്പിച്ചിരുന്നില്ല. പിതാവ് 'ഔലിയാ' ഭക്തനായിരുന്നു. അജ്മീർ ദർഗയിൽനിന്ന് സെൽഫ് അഡ്രസ് കുറിച്ച മണിഓർഡർഫോം വീട്ടിൽ എത്താറുണ്ട്. ഒരു ദിവസം റശീദ് സ്കൂളിലേക്ക് പോകുമ്പോൾ ഒരു വൃദ്ധൻ അവശനായി വഴിയരികിൽ വീണു കിടക്കുന്നത് കണ്ടു. അടുത്ത കടയിൽനിന്ന് ചായ വാങ്ങി അയാളെ കുടിപ്പിച്ചു. കൂടെയുണ്ടായിരുന്ന അനുജൻ അഹ്മദ് വശം ഉമ്മ ദർഗയിലേക്ക് അയക്കാൻ ഏൽപിച്ച പണം വാങ്ങി അവശനായ വൃദ്ധന് നൽകി.

1994-ൽ ഉളിയിൽ ജമാഅത്ത് കാർകുൻ ഹൽഖയുടെ കീഴിൽ മഹല്ലിൽ സകാത്ത് കമ്മിറ്റി രൂപീകരിച്ചു. റശീദ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു.

ആദ്യവർഷത്തെ ഒരനുഭവം കുറിക്കട്ടെ. സെക്രട്ടറിയോടൊപ്പം മർഹൂം എ.കെ മുഹമ്മദലിയും ഈ കുറിപ്പുകാരനുമുണ്ടായിരുന്നു. റമദാനിലെ ഒരു ദിവസം രാവിലെ പത്തുമണിക്ക് അപേക്ഷകളുമെടുത്ത് കാൽനടയായി ഞങ്ങൾ പുറപ്പെട്ടു. 'നിലംപതിക്കാറായ വീട് ശരിയാക്കിത്തരണ'മെന്ന് അഭ്യർഥിച്ച അപേക്ഷകയുടെ വീട്ടിലെത്തി. മൺകട്ടകൾകൊണ്ട് നിർമിച്ച വീടിന്റെ ചുമരുകൾ വിണ്ടുകീറി നായക്ക് അതിൽകൂടി അകത്ത് കടക്കാൻ സാധിക്കുന്ന അവസ്ഥ. ഓലകൊണ്ട് മേഞ്ഞ മേൽക്കൂര രണ്ട് വർഷമായി ചോർന്നൊലിച്ചിട്ടും മേയാൻ സാധിച്ചിട്ടില്ല. ഒരുമ്മയും മൂന്ന് പെൺമക്കളും. പെൺമക്കൾ വിവാഹിതരാണെങ്കിലും ഭർത്താക്കന്മാരുടെ അഡ്രസ് പോലുമില്ല.

സകാത്ത് കമ്മിറ്റി ഒരാൾക്ക് അനുവദിക്കുന്ന പരമാവധി തുക അയ്യായിരം രൂപമാത്രമാണ്. റശീദ് അന്വേഷണ റിപ്പോർട്ട് എഴുതി. പ്രവർത്തകർ ആ പണം സ്വരൂപിച്ച് മഴക്ക് മുമ്പ് വീടിന്റെ പണി പൂർത്തിയാക്കി.

അന്നത്തെ യാത്ര മഗ്‌രിബ് ബാങ്ക് കേൾക്കുന്നതു വരെ തുടർന്നു. പടിക്കച്ചാൽ എന്ന സ്ഥലത്തെത്തിയപ്പോൾ ഒരപേക്ഷകന്റെ വീട് കടയിൽ അന്വേഷിച്ചു. അപ്പോൾ ആ കടക്കാരൻ ചോദിച്ചു: 'അപേക്ഷ തന്നവരുടേത് മാത്രമാണോ നിങ്ങൾ പരിഗണിക്കുക?' റശീദ് മറുപടി പറഞ്ഞു: 'മഹല്ലിൽ ഏറ്റവും അർഹതയുള്ളവരെയാണ് പരിഗണിക്കുക.' മക്കളില്ലാത്ത എഴുപത് വയസ്സ് കഴിഞ്ഞ രണ്ട് വൃദ്ധ സഹോദരികളെ പറ്റി കടക്കാരൻ ഞങ്ങളോട് പറഞ്ഞു. ഞങ്ങൾ ആ വീട്ടിലേക്ക് പോയി. ജ്യേഷ്ഠത്തിക്ക് കാഴ്ചയില്ല. അനുജത്തി ഏതെങ്കിലും പരിചയമുള്ള വീട്ടിൽ പോയാൽ അവിടെ നിന്ന് ലഭിക്കുന്ന അരികൊണ്ട് കഞ്ഞിവെച്ച് രണ്ട് നേരം കഴിക്കുന്നു. ചായക്കടയിൽനിന്ന് പുറംതള്ളുന്ന ചായപ്പൊടി വെയ്സ്റ്റ് കൊണ്ടുവന്ന് കഴുകിയുണക്കി അതുകൊണ്ട് ചായ ഉണ്ടാക്കിക്കഴിക്കുന്നു. അവർക്ക് മാസംതോറും പെൻഷൻ തുക അവരുടെ വീട്ടിൽ എത്തിക്കാനുള്ള സംവിധാനമുണ്ടാക്കി. പൊളിഞ്ഞുവീഴാറായ ആ കൊച്ചുവീടിന്റെ അടുക്കളയും ഞാലിയും റിപ്പയർ ചെയ്യിച്ചു.

സകാത്ത് കമ്മിറ്റി അർഹതപ്പെട്ടവർക്ക് അനുവദിച്ചതിൽനിന്ന് ഒരു രൂപപോലും നഷ്ടപ്പെടാതെ അവർക്ക് ഉപയോഗപ്പെട്ടുവോയെന്ന് റശീദ് അവരുടെ വീടുകളിൽപോയി ശ്രദ്ധിച്ചിരുന്നു. അവർക്കനുവദിച്ച കിണറുകൾ കുഴിക്കുന്നിടത്തും കക്കൂസ് നിർമിക്കുന്നിടത്തും പശുക്കളെ വാങ്ങുന്നിടത്തും റശീദുണ്ടായിരുന്നു; മരിക്കുന്നതുവരെ.

പ്രസ്ഥാനത്തിന്റെ ഘടനയിൽ ഇല്ലായിരുന്നെങ്കിലും ജമാഅത്തിന്റെ തീരുമാനങ്ങളോട് സഹകരിച്ച് പ്രവർത്തിച്ചു. ഐഡിയൽ ട്രസ്റ്റ് അംഗം, പലിശരഹിത നിധി സെക്രട്ടറി, മൗണ്ട് ഫ്ളവർ ഇംഗ്ലീഷ് സ്കൂൾ കമ്മിറ്റി അംഗം, പള്ളിക്കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു.

അല്ലാഹു അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുത്തു കൊടുക്കുകയും അദ്ദേഹത്തെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ - ആമീൻ.

**വി.കെ കുട്ടു ഉളിയിൽ**